**സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെംബർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: പ്രിയങ്ക ജി IAS, ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

വിഷയം:- വനിതാ ശിശു വികസന വകുപ്പ് - ICPS (മിഷൻ വാത്സല്യ) - എറണാകുളം ചിൽഡ്രൻസ് കോർട്ടിനെ ശിശു സൗഹൃദമാക്കി - നവീകരിച്ചത് - ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫൈനൽ ബിൽ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:-.1 ICPS എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനം നം:3 തീയതി;21/06/2018

2.GO(Rt)No.669/2018/SJD തീയതി:18/11/2018

3.22/06/2019-ലെ Technical Sanction

4.ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും വനിതാ ശിശു വികസന ഡയറക്ടറും തമ്മിലുള്ള 26/08/2019-ലെ കരാർ

5. ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ് തീയതി:20/07/2019

6. ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ് തീയതി:01/11/2019

7. ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കത്ത് നം:ULCCS/TVM/8047/2020-21/1347 തീയതി:11/11/2020

8..സർക്കാർ ഉത്തരവ് നം.സ.ഉ.(സാധാ) 142/2021/സാ.നീ.വ തീയതി:13/02/2021

9.എറണാകുളം DWCD യുടെ കത്ത് നമ്പർ :DWCD/EKM/A4/55/2022 തീയതി:20/05/2022

10. ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കത്ത് നം:ULCCS/ENGG/8047/2020-21/1797 തീയതി:08.09.2021

11. ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ് തീയതി: 23.12.2021

12. ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ് തീയതി: 27.07.2022

13. ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കത്ത് നം:ULCCS/ENGG/8047/2020-21 തീയതി:06.09.2022

==========================================================================

**ഉത്തരവ് നമ്പർ : ICPS-4 /14524/18 തീയതി:08.02.2023**

==========================================================================

കേന്ദ്ര വനിതാ വികസന മന്ത്രാലയവും വനിതാ ശിശു വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഇന്നോവേറ്റീവ്

പ്രോഗ്രാമിനായി അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും എറണാകുളം ചിൽഡ്രൻസ് കോർട്ടിനെ ശിശു സൗഹൃദമാക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു.

പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ അംഗീകാരത്തിന് വിധേയമായി എറണാകുളം POCSO Court ശിശു സൗഹൃദമാക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും, ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ച 71,97,450/- രൂപയുടെ വിശദമായ എസ്റ്റിമേറ്റ് പരാമർശം (3) പ്രകാരം ചേർന്ന ടെക്നിക്കൽ കമ്മറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പരാമർശം (4) പ്രകാരം ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി MOU-ൽ ഏർപ്പെടുകയും, പരാമർശം (5) പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുകയും ചെയ്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം ആദ്യ ഗഡുവായി 14,39,490/- രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

എന്നാൽ വകുപ്പിലെയും, ജുഡീഷറിയിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് ഏതാനും അഡീഷണൽ വർക്കുകൾ കൂടി നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പരാമർശം (7) പ്രകാരം 62,87,484/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. പുതുക്കിയ എസ്റ്റിമേറ്റിലെ ജോലികൾ ചെയ്യുന്നതിന് **62,87,484/-രൂപയുടെ** അനുമതി പരാമർശം (8) പ്രകാരം ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിർദ്ദിഷ്ട പ്രവർത്തികൾ പൂർത്തീകരിച്ച് പരാമർശം (10) പ്രകാരം 59,22,876/-രൂപയുടെ പാർട്ട് ബിൽ സമർപ്പിച്ചപ്പോൾ രണ്ടാം ഗഡുവായി പരാമർശം (11) പ്രകാരം 29,61,438/-രൂപ അനുവദിച്ച് നൽകിയിരുന്നു. തുടർന്ന് പരാമർശം (9) പ്രകാരം ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ നേതൃത്വത്തിലുള്ള സമിതി Work Completion Certificate സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (12) പ്രകാരം മൂന്നാം ഗഡുവായി 12,07,574/-രൂപയും അനുവദിച്ചിരുന്നു.

പരാമർശം (13) പ്രകാരം ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 2,59,269/- രൂപയുടെ ഫൈനൽ ബില്ലിൽ സമർപ്പിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ എറണാകുളം ചിൽഡ്രൻസ് കോർട്ടിനെ ശിശു സൗഹൃദമാക്കുന്നതിന് ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഫൈനൽ ബില്ലിൽ തുകയായ 2,59,269/- രൂപ പട്ടിക പ്രകാരം അനുവദിച്ചുത്തരവാകുന്നു.

| | |
|---|---|
| Revised Estimate | 62,87,484 |
| Total Amount Paid | 56,08,502 |
| Security Deposit | 3,14,374 |
| Final Bill Amount<br>(Total Work Done - 2,14,538) | 2,59,269 |
| TDS on IT (2% of 2,14,538) | 4291 |
| TDS on GST (2% of 2,14,538) | 4291 |
| KCWWF (1% of 2,14,538) | 2145 |
| **Amount allotted to Uralungal Labour Contract Cooperative society** | **2,48,542/-** |

മേൽ പറഞ്ഞ **2,59,269/-രൂപ (രണ്ട് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി ഇരുന്നൂറ്റി അറുപത്തി ഒൻപത് രൂപ മാത്രം)** നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-36(P)-02-ൽ നിന്നും എറണാകുളം ജില്ലാ വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതാണ്. വനിത ശിശു വികസന ഓഫീസർ തുക ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതും, ജില്ലാ ശിശു സംരക്ഷണ ഓഫീസർ ചുവടെ പട്ടിക പ്രകാരമുള്ള നികുതിയും,ക്ഷേമനിധിയും കുറച്ച ശേഷം ബാക്കി **2,48,542/- രൂപ (രണ്ട് ലക്ഷത്തി നാൽപത്തി എണ്ണായിരത്തി അഞ്ഞൂറ്റി നാല്പത്തിരണ്ട് രൂപ മാത്രം )** ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതുമാണ്.

KCWWF (1%) തുകയായ 2,145/-രൂപ SBI Main Branch A/C No : 34597246248 ലേക്ക് അനുവദിക്കേണ്ടതാണ്.

| | |
|---|---|
| Account Number | 67251412738 |
| PAN Number | AAAAU0170E |
| Amount | 2,48,542/- |
| **Deduction** | |
| TDS on GST | 4291/- |
| TDS on IT | 4291/- |
| KCWWF 1% | 2145/- |

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഒപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും തുക കൈപ്പറ്റിക്കൊണ്ടുള്ള രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിചർ സ്റ്റേറ്റ്മെൻറ് നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തിയ റിപ്പോർട്ട് എന്നിവ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടര് &
മെമ്പർ സെക്രട്ടറി SCPS

ചീഫ് എക്സിക്യൂട്ടീവ് ഓഫീസര്
ദി ഊരാലുങ്കൽ ലേബര് കോൺട്രാക്ട്
കോ- ഒപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം:10957
മാടപ്പള്ളി കോളേജ് പി.ഒ
വടകര
കോഴിക്കോട്-673102
ഫോൺ നം:91496 2514042, 2516402
Mail ID:uralungal@yahoo.co.in

<u>പകർപ്പ്:</u>

1. ജില്ലാ വനിത ശിശു വികസന ഓഫീസർ,എറണാകുളം

2.ജില്ലാ ശിശു സംരക്ഷണ ഓഫീസർ, എറണാകുളം

3.സൂപ്രണ്ട് A സെക്ഷൻ (അലോട്ട്മെൻറ് നൽകുന്നതിന് വേണ്ടി)

4.ICPS-10

5.സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്